# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2900 15.12.2015-ലെ മറുപടിക്ക്

## ഹയർ സെക്കൻഡറി കോമേഴ്സ് അധ്യാപകരുടെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി വിഷ്ണുനാഥ് | | ശ്രീ.പി.കെ.അബ്ദു റബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കൻഡറി കോമേഴ്സ് അധ്യാപകരുടെ ജൂനിയർ/സീനിയർ വിഭാഗങ്ങളിൽ എത്ര സ്ഥിരം ഒഴിവുകൾ 30-11-2015 വരെ നിലവിലുണ്ട്; വ്യക്തമാക്കുമോ; | (എ) | ഹയർസെക്കന്ററി കോമേഴ്സ് ജൂനിയർ അദ്ധ്യാപകരുടെ 110 ഒഴിവുകളും സീനിയർ അദ്ധ്യാപകരുടെ 15 ഒഴിവുകളും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം P.S.C ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ബി) | ഹയർസെക്കന്ററി കോമേഴ്സ് ജൂനിയർ അദ്ധ്യാപകരുടെ 61 എൻ.ജെ.ഡി ഒഴിവുകളും സീനിയർ അദ്ധ്യാപകരുടെ 4 എൻ.ജെ.ഡി ഒഴിവുകളും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഇനി റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്രയാണ്; | (സി) | ഹയർസെക്കന്ററി കോമേഴ്സ് ജൂനിയർ അദ്ധ്യാപകരുടെ 16 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്. ടി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സീനിയർ തസ്തികയിൽ റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകളില്ല. |
| (ഡി) | നിലവിലുള്ള എല്ലാ ഒഴിവുകളും P.S.C ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) | ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ എച്ച്.എസ് എസ്. റ്റി കൊമേഴ്സ് ജൂനിയർ/സീനിയർ മുഴുവൻ ഒഴിവുകളും പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കില്ല. ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾ പ്രകാരം നേരിട്ടുള്ള നിയമനത്തിലേക്കായി മാറ്റിവയ്ക്കേണ്ട ഒഴിവുകൾ മാത്രമേ പി.എസ്. സി-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുള്ളൂ. |
| (ഇ) | പ്രസ്തുത തസ്തികകളിലേക്കുള്ള P.S.C റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് അറിയുമോ; എങ്കിൽ അതിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയെന്നറിയാമോ? | (ഇ) | എച്ച്.എസ്.എസ്.റ്റി കോമേഴ്സ് ജൂനിയർ / സീനിയർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും യഥാക്രമം 356 ഉം 32 ഉം പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കാമോ; | (എഫ്) | ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസ് പ്രകാരം നേരിട്ടുള്ള നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് പി.എസ്.സി നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |
| (ജി) | അഡ്വൈസ് അയച്ചിട്ടും ജോയിൻ ചെയ്യാത്ത ജൂനിയർ/സീനിയർ ടീച്ചർമാരുടെ (കോമേഴ്സ്) കണക്ക് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ കൂടി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ജി) | എച്ച്.എസ്.എസ്.റ്റി കോമേഴ്സ് ജൂനിയർ -67. എച്ച്.എസ്.എസ്.റ്റി കോമേഴ്സ് സീനിയർ -4. പ്രസ്തുത എൻ.ജെ.ഡി ഒഴിവുകളിൽ എച്ച്.എസ്.എസ്.റ്റി കോമേഴ്സ് ജൂനിയറിന്റെ -61 ഒഴിവുകളും എച്ച്.എസ്.എസ്.റ്റി കോമേഴ്സ് സീനിയറിന്റെ 4 ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തു. ശേഷിക്കുന്ന ഒഴിവുകൾ ഉടൻ തന്നെ പി.എസ്. സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ